# ആമുഖം

ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളിലും ഭാഷയിലും ഗണിതത്തിലുമുള്ള അടിസ്ഥാന ആശയങ്ങൾ പൂർണ്ണമായും പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2025 - 2026 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗശേഷികളെ പ്രോത്സാഹിപ്പിച്ച് ആശയങ്ങളും ഭാഷാപരമായ കഴിവുകളും അഭിരുചിക്കനുസരിച്ച് വളർത്തിയെടുക്കുക എന്നതിനാണ് പ്രാധാന്യം. വിഭിന്ന നിലവാരത്തിലുള്ളവരെ പരിഗണിച്ചു കൊണ്ട് ഭാഷ, ഗണിതം, ഇംഗ്ലീഷ് വിഷയങ്ങളിൽ വിശ്രപഠന രീതിയിലാണ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അധ്യയന വർഷാവസാനമാവുമ്പോഴേക്കും മുഴുവൻ കുട്ടികളെയും മികച്ച നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ ആദ്യവാരം പ്രവേശനോത്സവത്തോടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്ന ശുഭപ്രതീക്ഷയോടെ തുടങ്ങട്ടെ....